# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4548 — 13.11.2019 ലെ മറുപടി

### നായർകുഴി ലിഫ്റ്റ് ഇറിഗേഷൻ കനാലുകളുടെ നീളം വർദ്ധിപ്പിക്കൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.ടി.എ.റഹീം : | കെ.കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) നബാർഡ് ധനസഹായത്തോടെ പ്രവൃത്തി പൂർത്തീകരിച്ച കോഴിക്കോട് മൈനർ ഇറിഗേഷൻ ഡിവിഷന് കീഴിലെ നായർകുഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിന് കനാലുകളുടെ നീളം വർദ്ധിപ്പിക്കേണ്ടതുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എത്ര രൂപയുടെ ചെലവ് ഇതിനു വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) നിലവിൽ 127.12 ഹെക്ടറിലേക്ക് ജലസേചനം നടത്തുന്നതിനാണ് പ്രസ്തുത പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. കൂടുതൽ സ്ഥലത്തേക്ക് കൂടി ജലസേചനം വ്യാപിപ്പിക്കുന്നതിനായി കനാലുകളുടെ നീളം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് സാധ്യതാ പഠനം നടത്തേണ്ടതുണ്ട്. സാധ്യതാ പഠനം പൂർത്തീകരിച്ചാൽ മാത്രമേ പ്രസ്തുത പ്രവർത്തിക്ക് ആവശ്യമായ തുക കണക്കാക്കാൻ സാധിക്കുകയുള്ളൂ. |
| (ബി) പ്രസ്തുത വിപുലീകരണ പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കുമോ? | (ബി) സാധ്യതാ പഠനം പൂർത്തീകരിച്ച ശേഷം വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഭരണാനുമതി നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

SR...

സെക്ഷൻ ഓഫീസർ